**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.557** — **01/12/2015 ൽ മറുപടിയ്ക്ക്**

## ഖാദി സഹകരണ സംഘങ്ങളിലെ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം

**ചോദ്യം**
**ഡോ.കെ.ടി.ജലീൽ**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ ഖാദി സഹകരണ സംഘങ്ങളിലെ മിക്ക വ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നത് പഴയ ചർക്കകളും തറികളും ഉപയോഗിച്ചാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(ബി) സംസ്ഥാനത്തെ ഖാദി മേഖലയുടെ ആധുനീകവൽക്കരണവുമായി ബന്ധപ്പെട്ട് ശ്രീ.ഗോപിനാഥൻനായർ കമ്മിറ്റി ശുപാർശ പ്രകാരം സർക്കാർ 29.46 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ആദ്യപടിയായി 15.21 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി 780 ചർക്കകളും 650 തറികളും പുതുതായി വാങ്ങി നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ 720 ചർക്കകളും 650 തറികളും കൂടി ഖാദി സ്ഥാപനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഫ്ലാഗ് ഷിപ്പ് സ്കീം പ്രകാരം ഖാദി സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും പുതുതായി ചർക്കകളും തറികളും വാങ്ങുന്നതിന് തുക അനുവദിക്കുന്നുണ്ട്. 2014-15 വർഷത്തിൽ "Financial Assistance to Khadi Co-operative Institutions"

എന്ന സ്കീമിന് ELAMS ൽ പോസ്റ്റ് ചെയ്തിരുന്ന തുകയിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ചു നൽകിയത് കൂടാതെ നടപ്പു വർഷം ഇതിനായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതുകൂടാതെ അഖിലേന്ത്യാ ഖാദി കമ്മിഷന്റെ KRDP, ഖാദി ക്ലസ്റ്റർ പദ്ധതി പ്രകാരം ഖാദി സ്ഥാപനങ്ങളുടെ അർഹതയ്ക്കനുസരിച്ച് ചർക്കകളും തറികളും പുതുക്കുന്നതിന് ധനസഹായം ലഭ്യമാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ